വഴിവെളിച്ചം

# സുഭദ്ര കുടുംബം, സുരക്ഷിത സമൂഹം

عَن عَائِشَةَ رَضِي اللَّهُ عَنْهَا قالت: قَالَ رَسُولُ اللَّه ﷺ: إذَا أنْفَقَتْ المَرأة من طَعَام بيتها غير مفسدة، كَانَ لهَا أَجْرُهَا بِمَا أنفقتْ وَلزوجها أَجْرُهُ بِمَا كَسَبَ، وَللخَازِن مثْلُ ذَلكَ، لاَ يَنْقُص بَعْضُهُمْ أَجْر بعْضٍ شَيْئًا (متفق عليه)

**ആഇശ(റ) നിന്ന് നിവേദനം: റസൂൽ(സ) പറഞ്ഞു: "ഭാര്യ അവളുടെ വീട്ടിലെ ഭക്ഷണത്തിൽ നിന്ന് ദോഷകരമല്ലാതെ ചെലവഴിക്കുകയാണെങ്കിൽ ആ ചെല വഴിച്ചതിനു അവൾക്ക് പ്രതിഫലമുണ്ട്. അവളുടെ ഭർത്താവിന് അത് സമ്പാദിച്ചതിനുള്ള പ്രതിഫലവുമുണ്ട്. അപ്രകാരം ഖജനാവു സൂക്ഷിപ്പുകാരനും പ്രതിഫലമുണ്ട്. അവർ പരസ്പരം ആരുടെയും പ്രതിഫലം കുറക്കുന്നതല്ല" (ബുഖാരിയും മുസ്‌ലിമും റിപ്പോർട്ട് ചെയ്തത്).**

**അബൂബക്കർ** സിദ്ദീഖി(റ)ന്റെ മകൾ അസ്മാഅ്(റ) പറയുന്നു. "എന്നെ സുബൈർ(റ) വിവാഹം കഴിക്കുമ്പോൾ അദ്ദേഹത്തിന്റെ അടുത്ത് ഒരു ഒട്ടകവും കുതിരയും മാത്രമേ സമ്പത്തായി ഉണ്ടായിരുന്നുള്ളൂ. ഞാൻ അദ്ദേഹത്തിന്റെ കുതിരക്ക് പുല്ലും വെള്ളവും കൊടുത്തിരുന്നു. അതിന്റെ തൊഴുത്ത് വൃത്തിയാക്കിയിരുന്നു. ഞാൻ മാവ് കുഴക്കുമായിരുന്നു. റൊട്ടിയുണ്ടാക്കി പരിചയമില്ല, എങ്കിലും റൊട്ടി ഉണ്ടാക്കുമായിരുന്നു" (ബുഖാരി). തന്റെ വീട്ടിൽ ഒരു സഹായിയെ വെക്കാൻ വേവലാതിപ്പെടുന്ന സ്വന്തം പുത്രി ഫാത്വിമയെ നിരുത്സാഹപ്പെടുത്തുകയും കുടുംബ പരിചരണം സ്വയം നിർവഹിക്കാൻ പ്രോത്സാഹിപ്പിക്കുകയുമായിരുന്നല്ലോ പ്രവാചകൻ.

ഈ സംഭവങ്ങളെല്ലാം കുടുംബ പരിചരണത്തിൽ സ്ത്രീകൾക്കുള്ള പങ്ക് ഉയർത്തിക്കാട്ടുന്നു. കുടുംബം സ്ത്രീകളുടെ പ്രവർത്തന മണ്ഡലങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ട ഒന്നാണ്. അച്ചടക്കമുള്ള കുടുംബ ജീവിതമാണ് ഇസ്‌ലാം ലക്ഷ്യംവെക്കുന്നത്. സാമൂഹിക സാമ്പത്തിക ഘടനകളെ സംസ്കരിക്കുവാനും പ്രാപ്തിയുള്ള കുടുംബങ്ങൾ ഉയർന്നുവരേണ്ടതുണ്ട്. കുടുംബത്തിലെ സാമ്പത്തിക വ്യയവുമായി ബന്ധപ്പെട്ടതാണ് മേൽ കൊടുത്ത ഹദീസ്. ഹദീസിലെ 'വീട്ടിലെ ഭക്ഷണം' എന്ന പ്രയോ

ഗത്തെ പണ്ഡിതന്മാർ വിശദീകരിക്കുന്നത് 'വിഭവങ്ങൾ' എന്നാണ്. അതായത് ഭക്ഷണം, വസ്ത്രം, പാർപ്പിടം തുടങ്ങിയവയാണ് ഇതുകൊണ്ട് അർഥമാക്കുന്നത്. 'ദോഷകരമല്ലാത്ത രീതിയിൽ' എന്നത് ദുർവ്യയത്തിന് എതിരായിട്ടാണ് ഉപയോഗിച്ചിരിക്കുന്നത്. കുടുംബങ്ങളുടെയും കുടുംബ സംവിധാനത്തിന്റെയും അവശ്യങ്ങൾക്കായി ചെലവഴിക്കാൻ ഇസ്‌ലാം സ്ത്രീക്ക് അനുവാദം നൽകിയിട്ടുണ്ട്. സ്ത്രീ ആവശ്യാനുസരണം ചെലവഴിക്കാൻ ബാധ്യസ്ഥയും പുരുഷൻ അവന്റെ കുടുംബത്തിനു വേണ്ടി സമ്പാദിക്കാൻ ബാധ്യസ്ഥനുമാണ്. ചെലവഴിക്കുന്നതിന്റെ പേരിൽ സ്ത്രീക്കും സമ്പാദിക്കുന്നതിന്റെ പേരിൽ പുരുഷനും അല്ലാഹുവിന്റെ അടുത്ത് പ്രതിഫലമുണ്ട്.

"പുരുഷൻ അവന്റെ കുടുംബത്തിന്റെ ഭരണകർത്താവും തന്റെ ഭരണീയരെ സംബന്ധിച്ച് ചോദിക്കപ്പെടുന്നവനുമാണ്. സ്ത്രീ ഭർതൃ ഭവനത്തിന്റെ സംരക്ഷകയും തന്റെ ഭവനത്തിലുള്ളവരെ പറ്റി ചോദിക്കപ്പെടുന്നവളുമാണ്" (ബുഖാരി, മുസ്‌ലിം)

കുടുംബം അല്ലാഹുവിന്റെ മഹത്തായ അനുഗ്രഹമാണ്. ആ അനുഗ്രഹത്തെ തിരിച്ചറിയുന്ന ഉദ്ബുദ്ധ വനിതകളെയാണ് ഇന്നു സമൂഹത്തിനു ആവശ്യം. "വിശ്വാസികളും വിശ്വാസിനികളും പരസ്പരം സഹായികളാണ്. അവർ നന്മ കൽപിക്കുന്നു, തിന്മ തടയുന്നു" (*അത്തൗബ* 71). ഈ ഖുർആനികാധ്യാപനത്തിലേക്കാണ് ഹദീസ് വെളിച്ചം വീശുന്നത്. ഇസ്‌ലാമിന്റെ കാഴ്ചപ്പാടിൽ കുടുംബം എന്നത് സാമൂഹിക പ്രശ്നങ്ങൾക്കുള്ള പരിഹാരമാണ്. പെണ്ണ് നന്നായാൽ കുടുംബം നന്നാവും; കുടുംബം നന്നായാൽ സമൂഹം നന്നാവും.

ബദ്ർ യുദ്ധത്തിൽ പങ്കെടുക്കാനും രോഗികളെ ശുശ്രൂഷിക്കാനും അനുവാദം ചോദിക്കുന്ന ഉമ്മു വറഖ(റ)യോട് പ്രവാചകൻ പറയുന്നത്, "വീട്ടിൽ ഇരുന്നുകൊള്ളുക. തീർച്ചയായും അല്ലാഹു നിനക്ക് രക്തസാക്ഷിത്വം നൽകും" എന്നാണ്. ഇവിടെ 'വീട്ടിൽ ഇരിക്കുക' എന്നാൽ കുടംബ പരിചരണങ്ങളുമായി മുന്നോട്ടുപോവുക എന്നാണർഥം.

സ്ത്രീകളുടെ സമരഭൂമിയാണ് അവളുടെ കുടുംബം. ആ ഭൂമികയിലാണ് അവളുടെ മുഖ്യപ്രവർത്തനം. ഒരു സുരക്ഷിത സമൂഹത്തെ വാർത്തെടുക്കാൻ സുഭദ്ര കുടുംബത്തിലൂടെ മാത്രമേ സാധിക്കൂ എന്ന് മനസ്സിലാക്കണം. ■

(തയാറാക്കിയത്:
ഹദീസ് ഫാക്കൽറ്റി വിദ്യാർഥികൾ,
അൽ ജാമിഅ അൽ ഇസ്‌ലാമിയ്യ, ശാന്തപുരം)